**പതിനാലാം കേരള നിയമസഭ**

**ഏഴാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിട്ട** | **10/08/2017 ൽ**
**നിയമസഭാ ചോദ്യം നമ്പർ :*99** | **മറുപടിയ്ക്ക്**

**സ്വകാര്യ-പൊതുമേഖല കശുവണ്ടി ഫാക്ടറികൾ**

**ചോദ്യം**

**ശ്രീ.എം.മുകേഷ്**
**ശ്രീമതി.അയിഷാ പോറ്റി**
**ശ്രീ.കെ.കെ.രാമചന്ദ്രൻ നായർ**
**ശ്രീ.എൻ.വിജയൻ പിള്ള**

**ഉത്തരം**

**ശ്രീമതി.ജെ.മെഴ്സിക്കുട്ടിയമ്മ**
**(മത്സ്യബന്ധനവും ഹാർബർ എഞ്ചിനിയറിംഗും കശുവണ്ടി വ്യവസായവും വകുപ്പ് മന്ത്രി)**

| | | | |
|---|---|---|---|
| (എ) | ഈ സർക്കാർ അധികാരത്തിലെത്തിയ ശേഷം പൊതുമേഖലയിലെ കശുവണ്ടി ഫാക്ടറികളെല്ലാം തുറന്നു പ്രവർത്തിപ്പിക്കാൻ സാധ്യമായിട്ടുണ്ടോ ; ഇതുവഴി എത്ര പേർക്ക് തൊഴിൽ ലഭ്യമാക്കിയിട്ടുണ്ട് ; | (എ) | ഉണ്ട്. കശുവണ്ടി വികസന കോർപറേഷനിൽ 10626 പേർക്കും കാപെക്സിൽ 3893 പേർക്കും 215 സ്റ്റാഫംഗങ്ങൾക്കും തൊഴിൽ ലഭ്യമാക്കിയിട്ടുണ്ട്. കൂടാതെ കശുവണ്ടി വികസന കോർപ്പറേഷനിൽ ഓണത്തിന് മുമ്പ് 1050 തൊഴിലാളികളെ നിയമിക്കാൻ തീരുമാനിച്ചിട്ടുണ്ട്. |
| (ബി) | കശുവണ്ടി വ്യവസായത്തിനാവശ്യമായ തോട്ടണ്ടി സംസ്ഥാനത്ത് ലഭ്യമല്ലാത്തതിനാൽ ഇറക്കുമതിയ്ക്കായി ഏർപ്പെടുത്തിയിരിക്കുന്ന സംവിധാനം എന്താണ് ; ഇതിനായുള്ള പ്രത്യേക കമ്പനി പ്രാവർത്തികമായിട്ടുണ്ടോ ; | (ബി) | തോട്ടണ്ടി ഉല്പാദക രാജ്യങ്ങളിൽ നിന്നും നേരിട്ട് തോട്ടണ്ടി സംഭരിക്കുന്നതിനും സർക്കാർ സർക്കാരിതര ഫാക്ടറികൾക്ക് /കമ്പനികൾക്ക് നേരിട്ട് വിതരണം ചെയ്യുന്നതിനുമായി സ്പെഷ്യൽ പർപ്പസ് വെഹിക്കിളായ കേരള കാഷ്യൂ ബോർഡ് ലിമിറ്റഡ് രൂപീകരിക്കാൻ തീരുമാനിച്ചു. ബോർഡിന്റെ സ്പെഷ്യൽ ഓഫീസറായി ശ്രീ.മാരപാണ്ഡ്യൻ ഐ.എ.എസ് (റിട്ട) നെ നിയമിക്കുകയും പ്രവർത്തനം ആരംഭിക്കുകയും ചെയ്തു. |
| (സി) | ഗുണവും വിലയും കുറഞ്ഞ വിയറ്റ്നാം കശുവണ്ടിപ്പരിപ്പ് കേരളത്തിലെ വ്യവസായത്തെ പ്രതികൂലമായി ബാധിച്ചിട്ടുണ്ടോ ; ഇതു നിയന്ത്രിക്കാൻ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടുമോ ; | (സി) | ഉണ്ട്. കാഷ്യൂ എക്സ്പോർട്ട് പ്രൊമോഷൻ കൗൺസിൽ ഓഫ് ഇന്ത്യ (CEPCI) നടപടി സ്വീകരിച്ചു വരുന്നു. |

| | | | |
|---|---|---|---|
| (ഡി) | സ്വകാര്യ- പൊതുമേഖല കശുവണ്ടി ഫാക്ടറികൾ തുറന്നു പ്രവർത്തിപ്പിക്കാനായി സർക്കാർ നടത്തിയ ഇടപെടലുകൾ എന്തെല്ലാമെന്നും അവ എത്ര മാത്രം ഫലവത്തായെന്നും അറിയിക്കാമോ ? | (ഡി) | ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം നടത്തിയ നിരന്തര ഇടപെടലുകളിലൂടെയും വിവിധ ഗവൺമെന്റ് ഉത്തരവുകൾ വഴി ടെണ്ടർ വ്യവസ്ഥകളിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തി കൂടുതൽ വ്യാപാരികൾ ടെന്ററിൽ പങ്കെടുക്കുന്നതിന് വേണ്ടി നടപടികൾ സ്വീകരിച്ചു. ഇതു വഴി തോട്ടണ്ടി ലഭ്യമാക്കി കോർപ്പറേഷൻ ഫാക്ടറികൾ 17/08/2016 മുതൽ തുറന്ന് പ്രവർത്തനം ആരംഭിച്ചിട്ടുള്ളതാണ്. കൂടാതെ തോട്ടണ്ടിയുടെ ദൗർലഭ്യം പരിഹരിക്കുന്നതിനായി കേരളത്തിൽ ഉല്പാദിപ്പിക്കുന്ന കശുവണ്ടി സംഭരിക്കുന്നതിന്റെ ഭാഗമായി കൃഷി വകുപ്പിന്റേയും പട്ടികജാതി പട്ടിക വർഗ്ഗ വികസന വകുപ്പിന്റേയും കീഴിലുള്ള ഫാമുകൾ, പ്ലാന്റേഷൻ കോർപ്പറേഷന്റെ കാസർഗോഡ് ജില്ലയിലെ രാജപുരം, ചീമേനി, കണ്ണൂർ ജില്ലയിലെ നാട്ടുകാണി എന്നീ എസ്റ്റേറ്റുകൾ, റിഹാബിലിറ്റേഷൻ പ്ലാന്റേഷൻ കോർപ്പറേഷൻ ലിമിറ്റഡ് (RPL), സ്റ്റേറ്റ് ഫാമിംഗ് കോർപ്പറേഷൻ (SFCK),കൊല്ലം ജില്ലാ പഞ്ചായത്തിന്റെ വിവിധ ഫാമുകൾ എന്നിവയിൽ ഉല്പാദിപ്പിക്കുന്ന നാടൻ തോട്ടണ്ടി സംഭരിക്കുന്നതിനുള്ള ക്രമീകരണങ്ങൾ കശുവണ്ടി വികസന കോർപ്പറേഷനും കാപെക്സും സംയുക്തമായി ഏറ്റെടുത്തിട്ടുണ്ട്. കണ്ണൂർ,കാസർഗോഡ് ജില്ലകളിൽ നിന്നു മാത്രം ഇതിനകം 770 മെട്രിക് ടൺ തോട്ടണ്ടി കോർപ്പറേഷനും കാപെക്സിനും ലഭിച്ചിട്ടുണ്ട്. കൂടാതെ വില കൊടുത്തു വാങ്ങിയ 910 മെട്രിക് ടൺ തോട്ടണ്ടിയുൾപ്പെടെ ആകെ 1680 മെട്രിക് ടൺ തോട്ടണ്ടി ഇക്കാലയളവിൽ സംഭരിച്ചു. ആഭ്യന്തരമായി ഉല്പാദിപ്പിക്കുന്ന കശുവണ്ടി പരമാവധി സംഭരിച്ച് തൊഴിലാളികൾക്ക് ജോലി നൽകുന്നതിനുള്ള ശ്രമങ്ങളാണ് നടത്തി വരുന്നത്. |

| | | | |
|---|---|---|---|
| | | | തോട്ടണ്ടി ഉല്പാദക രാജ്യങ്ങളിൽ നിന്നും നേരിട്ട് തോട്ടണ്ടി സംഭരിക്കുന്നതിനും സർക്കാർ സർക്കാരിതര ഫാക്ടറികൾക്ക് /കമ്പനികൾക്ക് നേരിട്ട് വിതരണം ചെയ്യുന്നതിനുമായി സ്പെഷ്യൽ പർപ്പസ് വെഹിക്കിളായ കേരള കാഷ്യൂ ബോർഡ് ലിമിറ്റഡ് രൂപീകരിക്കുന്നതിന് തീരുമാനിച്ചു. ശ്രീ.മാരപാണ്ഡ്യൻ, ഐ.എ.എസ് (റിട്ട)നെ സ്പെഷ്യൽ ഓഫീസറായി നിയമിച്ച് പ്രവർത്തനം നടത്തി വരുന്നു.<br>കൂടാതെ ചെറുകിട കർഷകരിൽ നിന്നും സംഭരിക്കുന്ന തോട്ടണ്ടിക്ക് വില നിശ്ചയിക്കുന്നതിന് 30/01/2017 ൽ സ.ഉ.(കൈയ്യെഴുത്ത്) നം.07/2017/വ്യവ പ്രകാരം ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി ചെയർമാനായും പ്രിൻസിപ്പൽ സെക്രട്ടറി, കൃഷി വകുപ്പ് ,പ്രിൻസിപ്പൽ സെക്രട്ടറി, പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് ,ധനകാര്യ വകുപ്പ് പ്രതിനിധി, ഇക്കണോമിക്സ് & സ്റ്റാറ്റിസ്റ്റിക്സ് വകുപ്പിന്റെ അതാതു ജില്ലയിലെ ഡെപ്യൂട്ടി ഡയറക്ടർ, ബന്ധപ്പെട്ട ജില്ലാ കളക്ടർ, കശുവണ്ടി വികസന കോർപ്പറേഷന്റേയും , കാപെക്സിന്റേയും മാനേജിംഗ് ഡയറക്ടർമാർ എന്നിവർ അംഗ ങ്ങളായിട്ടുള്ള ഒരു വില നിർണ്ണയ സമിതി രൂപീകരിച്ച് പ്രവർത്തനം നടത്തി വരുന്നു. |

**സെക്ഷൻ ഓഫീസർ**